പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3594 08.11.2019-ലെ മറുപടിക്ക്

# ചാത്തന്നൂർ ബസ്സ്സ്റ്റേഷൻ നവീകരണം

ചോദ്യം — ശ്രീ.ജി.എസ്.ജയലാൽ

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂർ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ബസ്സ്സ്റ്റേഷൻ നവീകരണത്തിനായി 30 ലക്ഷം രൂപ അനുവദിക്കപ്പെട്ടതും 27.04.2018 ൽ ഭരണാനുമതി നൽകി ഉത്തരവായതും (കൊല്ലം ജില്ലാ കളക്ടറുടെ നടപടി ക്രമം ഡി 6-4629/2017/MLAADS) കെ.എസ്.ആർ.ടി.സി ചെയർമാനും എം.ഡിയ്ക്കും പ്രസ്തുത ഉത്തരവ് നൽകിയിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും (ഡി) യും | പ്രസ്തുത പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി PWD യെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. ടി പ്രവൃത്തി ചെയ്യുന്നതിന് ഭരണാനുമതി പ്രകാരമുള്ള തുക (30 ലക്ഷം രൂപ) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന 5055-190-95(NPV) എന്ന ശീർഷകത്തിൽ നിന്നും, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം-ന് ഡെപ്പോസിറ്റ് ചെയ്യുന്നതിലേക്കായി, റിലീസ് ചെയ്തുകൊണ്ട് 26.09.2019-ലെ സ.ഉ.(സാധാ) 446/2019/ഗതാഗതം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ടി ശീർഷകത്തിനു പകരം, ആസ്ഥി വികസന പദ്ധതി ഉൾപ്പെടുത്തിയ പ്രവർത്തികളെ സംബന്ധിച്ച ചെലവ് കെ.എസ്.ആർ.ടി.സി.യിലുള്ള ഓഹരി മൂലധന നിക്ഷേപ |
| (സി) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് പ്രസ്തുത തുക നാളിതുവരെയായി ഡെപ്പോസിറ്റ് ചെയ്തു നൽകുവാൻ ഗതാഗത വകുപ്പും കെ.എസ്.ആർ.ടി.സിയും തയ്യാറാകാത്തത് എന്തുകൊണ്ടാണെന്നും ആയതിന് ഇത്രയധികം കാലതാമസം എന്താണെന്നും വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത പ്രവൃത്തി ഇത്രയും കാലം താമസിപ്പിച്ചതിന് ഉത്തരവാദികളെ കണ്ടെത്തി വിശദാംശങ്ങൾ അറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | മായി പ്രത്യേകം തരം തിരിക്കുന്നതിനു വേണ്ടി 7055-00-190-94(NV) എന്ന പുതിയ ശീർഷകം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പുതിയ ശീർഷകത്തിൽ നിന്നും മാത്രമേ തുക റിലീസ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയും വേഗം തുക കെ.എസ്.ആർ.ടി.സി.ക്ക് കൈമാറുന്നതാണ്. ഈ വിഷയത്തിൽ മനപൂർവ്വമായ യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ